എൻഡോസൾഫാൻ വിരുദ്ധ സമരത്തെ പ്രതിനിധീകരിച്ച് ആം ആദ്മി പാർട്ടി സ്ഥാനാർത്ഥിയായി നിന്ന **അമ്പലത്തറ കുഞ്ഞികൃഷ്ണൻ**, ബി.ഒ.ടി റോഡിനും കുടിയൊഴിപ്പിക്കലിനുമെതിരെ സമരം ചെയ്യുന്നവരുടെ പ്രതിനിധിയായി മത്സരിച്ച **ടി.പി. അബ്ദുലെെസ്**, കാതിക്കുടത്തെ എൻ.ജി.ഐ.എൽ കമ്പനിയുടെ മലിനീകരണത്തിനെതിരെ സമരം ചെയ്യുന്ന ആക്ഷൻ കൗൺസിലിന്റെ പ്രതിനിധിയായ **ജെയ്സൺ പാനിക്കുളങ്ങര**, ആം ആദ്മി പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച, കേരളത്തിലെ മിക്ക ജനകീയ സമരങ്ങളിലും പങ്കാളിയാകുന്ന **സാറാ ജോസഫ്** എന്നിവർ സംസാരിക്കുന്നു.


# ക്വാറി വിരുദ്ധ സമരഭൂമിയിൽ നിന്നും ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടി

**എം.ജി. സന്തോഷ് കുമാർ**
**(പത്തനംതിട്ട, 4847 വോട്ട്)**

**ലോകസഭ തെരഞ്ഞെടുപ്പിൽ കലഞ്ഞൂർ ക്വാറി വിരുദ്ധ സമരത്തെ പ്രതിനിധീകരിച്ച് സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ എന്താണ് പ്രതീക്ഷിച്ചത്?**

ക്വാറിവിരുദ്ധ സമരത്തിന്റെ സ്ഥാനാർത്ഥി എന്ന രീതിയിൽ മാത്രമല്ല ഞങ്ങൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. ജനാധിപത്യത്തിന്റെ ഒരു വീണ്ടെടുപ്പ് അനിവാര്യമായിരിക്കുന്ന കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. തെരഞ്ഞെടുപ്പ് പ്രകിയ ജനാധിപത്യത്തിന് ഒരു തരത്തിലും ഗുണകരമാകുന്ന രീതിയിലല്ല നടക്കുന്നത്. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടാറേയില്ല. അത്തരമൊരു ചർച്ച ഉയർത്തിക്കൊണ്ടുവരണമെന്നും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ യഥാർത്ഥ രാഷ്ട്രീയം ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നും ഉദ്ദേശിച്ചാണ് സ്ഥാനാർത്ഥിയെ നിർത്താനുള്ള ആലോചനകൾ ഞങ്ങൾ തുടങ്ങുന്നത്. കലഞ്ഞൂരിലെ ക്വാറിവിരുദ്ധ സമരത്തിന്റെ കാര്യത്തിലെങ്കിലും എല്ലാ സ്ഥാനാർത്ഥികളെക്കൊണ്ടും നിലപാട് പ്രഖ്യാപിക്കണം എന്നാണ് ആദ്യം ഉദ്ദേശിച്ചത്. അത്തരം ആലോചനകളുമായി മുന്നോട്ട് പോകുമ്പോഴാണ് ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നോമിനി അഡ്വ. ജോയ്സ് ജോർജ്ജ് ഇടതുപക്ഷ പിന്തുണയോടെ ഇടുക്കി മണ്ഡലത്തിൽ മത്സരിക്കാൻ തീരുമാനിച്ച വാർത്ത വരുന്നത്. പശ്ചിമഘട്ട സംരക്ഷണത്തെയും ഗാഡ്ഗിൽ റിപ്പോർട്ടിനെയും പൂർണ്ണമായും എതിർക്കുന്ന ഹൈറേഞ്ച് സംരക്ഷണ സമിതി, ഭൂമി കയ്യേറ്റക്കാരുടെയും കള്ളപ്പട്ടയക്കാരുടെയും ഒരു സംഘടനയാണ്. ഇടുക്കിയിൽ ജോയ്സ് ജോർജ്ജിന്റെ സ്ഥാനാർത്ഥിത്വത്തെ പിന്തുണച്ചുകൊണ്ട് ഇടതുപക്ഷം ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയാണ് ചെയ്തത്. പശ്ചിമഘട്ട സംരക്ഷണത്തിന് എതിരായി നിൽക്കുന്ന ഈ മാഫിയാ സംഘത്തെ തെരഞ്ഞെടുപ്പിൽ പ്രതിരോധിക്കേണ്ടതുണ്ടെന്ന ആവശ്യവും ഞങ്ങളുടെ ഇടയിൽ ഉയർന്നുവന്നു. ഗാഡ്ഗിൽ റിപ്പോർട്ടിന് വിരുദ്ധമായി നിൽക്കുന്ന താത്പര്യങ്ങളാൽ ഇരകളാക്കപ്പെട്ടവരാണ് കലഞ്ഞൂരുകാർ. അങ്ങനെയാണ് 'കേരളം മരുഭൂമിയാകാതിരിക്കാൻ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം' എന്ന മുദ്രാവാക്യവുമായി, പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ പേരിൽ പത്തനംതിട്ട മണ്ഡലത്തിൽ മത്സരിക്കാൻ ഞങ്ങൾ തീരുമാനിക്കുന്നത്. തെരഞ്ഞെടുപ്പ് ചർച്ചയിൽ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഗുണവശങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടണം എന്നതായിരുന്നു മുഖ്യലക്ഷ്യം. വികസനത്തിന്റെ പേരുപറഞ്ഞ് പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്ന മാഫിയ സംഘങ്ങളുമായി വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുള്ള ബന്ധം പ്രചരണത്തിലൂടെ തുറന്നുകാണിക്കുന്നതിനും ഉദ്ദേശിച്ചു. കേരളത്തിലെ എല്ലാ പരിസ്ഥിതി പ്രവർത്തകരെയും ജനകീയ സമരപ്രവർത്തകരെയും പ്രചരണത്തിൽ ഉൾപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അതിനായി എല്ലാവർക്കും പൊതുസമ്മതനായി ഒരു സ്ഥാനാർത്ഥി എന്ന നിലയിൽ ളാഹാ ഗോപാലനെയാണ് ആദ്യം പരിഗണിച്ചത്. എന്നാൽ അദ്ദേഹത്തിന് താത്പര്യമില്ലാത്തതിനാൽ പിന്നീട് എന്റെ പേര് നിർദ്ദേശിക്കപ്പെടുകയായിരുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ കാര്യവും എൻഡോസൾഫാൻ ഇരകളുടെ പ്രശ്നവും കാതിക്കുടവും വിളപ്പിൽശാലയും എല്ലാം പറയാൻ കഴിയുന്ന ഒരു രാഷ്ട്രീയ ഇടം രൂപ

⇨ അവർക്ക് സ്ഥാനാർത്ഥി ഇല്ലാതിരുന്നിട്ടുപോലും അവർ ഞങ്ങളെ പിന്തുണയ്ക്കാൻ തയ്യാറായില്ല ⇨



സന്തോഷ് കുറിന് വേണ്ടി പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ പോസ്റ്റർ

പ്പെടുത്തുന്നതിനാണ് ഞങ്ങൾ ശ്രമിച്ചത്.

**മറ്റ് സമാന്തര രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് ഒരു പൊതുപ്ലാറ്റ്ഫോം രൂപീകരിക്കാൻ ശ്രമിച്ചിരുന്നോ?**

തീർച്ചയായും. ആം ആദ്മി, സി.പി.ഐ (എം.എൽ), ആർ.എം.പി, എസ്.യു.സി.ഐ, വെൽഫെയർ പാർട്ടി തുടങ്ങിയ ഒട്ടനവധി ചെറു രാഷ്ട്രീയ പാർട്ടികളുമായി ഞങ്ങൾ ചർച്ച നടത്തിയിരുന്നു. കേരളത്തിൽ വികസിച്ചുവരുന്ന ഒരു ബദൽ രാഷ്ട്രീയത്തിന് തെരഞ്ഞെടുപ്പിൽ ചിലത് പറയാനുള്ള ഇടമായി പത്തനംതിട്ടയിലെ എന്റെ സ്ഥാനാർത്ഥിത്വം പരിഗണിക്കണമെന്ന് അവരോട് പറഞ്ഞു. എന്നാൽ ചുരുക്കം ചിലർ മാത്രമാണ് പിന്തുണ നൽകിയത്. സി.പി.ഐ (എം.എൽ) ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടിയുള്ള മുദ്രാവാക്യം അംഗീകരിച്ചുകൊണ്ടുതന്നെ സജീവമായി സഹകരിച്ചു. ആം ആദ്മി പാർട്ടിയാണ് വല്ലാതെ നിരാശപ്പെടുത്തിയത്. പത്തനംതിട്ടയിൽ അവർക്ക് സ്ഥാനാർത്ഥി ഇല്ലാതിരുന്നിട്ടുപോലും അവർ ഞങ്ങളെ പിന്തുണയ്ക്കാൻ തയ്യാറായില്ല. ഞാൻ ആം ആദ്മി പാർട്ടിൽ ചേർന്ന്, പാർട്ടി ചിഹ്നത്തിൽ മത്സരിക്കണം എന്നതായിരുന്നു അവരുടെ നിലപാട്. എന്നാൽ കലഞ്ഞൂരുകാരെല്ലാം അവരുടെ രാഷ്ട്രീയം തത്കാലത്തേക്ക് മാറ്റിവച്ചിട്ടാണ് ഒരു പൊതുസ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത്. അത്തരമൊരു സ്ഥാനാർത്ഥി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായി പിന്നീട് മത്സരിക്കുന്നത് മോശമല്ലേ. ഞങ്ങൾ അത് വിശദീകരിച്ചിട്ടും ജില്ലയിലെ ആം ആദ്മി പ്രവർത്തകർക്ക് മനസ്സിലായില്ല. 20 വർഷമായി നടക്കുന്ന കലഞ്ഞൂർ ക്വാറിവിരുദ്ധ സമരം മുഖ്യധാരാ പാർട്ടികളുടെ നിലപാടില്ലായ്മയിൽ പ്രതിഷേധിക്കാനാണ് തീരുമാനിച്ചത്. പല പാർട്ടികളിലും പ്രവർത്തിക്കുന്നവർ അക്കൂട്ടത്തിലുണ്ട്. മറ്റൊരു പാർട്ടിയുടെ സ്ഥാനാർത്ഥിയാകുക എന്നത് അതുകൊണ്ട് തന്നെ അപ്രായോഗികമാണ്. എന്നാൽ ആം ആദ്മി പാർട്ടി മുന്നോട്ട് വയ്ക്കുന്ന അഴിമതിയുടെ പ്രശ്നവുമായി നേരിട്ട് ബന്ധമുള്ള വിഷയമാണ് കലഞ്ഞൂരിലേത്. അതവർ മനസ്സിലാക്കിയില്ല എന്നത് നിരാശാജനകമായ കാര്യമാണ്. ഇക്കാര്യം സ്വയംവിമർശനാത്മകമായി പരിശോധിക്കാൻ ആം ആദ്മി പാർട്ടി തയ്യാറാകണം.

**മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ നടത്തുന്ന പ്രചരണ കോലാഹലങ്ങൾക്കിടയിൽ നിങ്ങളുടെ ശബ്ദം ജനങ്ങളിലേക്കെത്തുന്നുണ്ടോ? എങ്ങനെയാണ് പ്രചരണ പ്രവർത്തനങ്ങൾ നടത്തിയത്?**

കലഞ്ഞൂരിൽ നിന്നും അമ്പതോളം സമരപ്രവർത്തകർ സജീവമായി പ്രചരണത്തിൽ പങ്കുചേർന്നു. രാഷ്ട്രീയ പാർട്ടികൾക്ക് ഒന്നോ രണ്ടോ ബൂത്ത് തലത്തിൽ അത്രയും ആളുകൾ ഇലക്ഷൻ പ്രവർത്തനങ്ങൾക്കായുണ്ടാകും. അതിനിടയിൽ ഞങ്ങൾ നടത്തുന്ന പ്രവർത്തനത്തിന് പരിമിതിയുണ്ട്. ഏഴ് അസംബ്ലി നിയോജക മണ്ഡലങ്ങളാണ് പത്തനംതിട്ട ലോകസഭ മണ്ഡലത്തിലുള്ളത്. എല്ലാ മണ്ഡലത്തിലും പോയി വോട്ടർമാരെ കണ്ട് കേരളത്തിലെ പരിസ്ഥിതി വിഷയങ്ങളെല്ലാം ചർച്ച ചെയ്യണമെന്നും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തണമെന്നും ഉദ്ദേശിച്ചിരുന്നു. എന്നാൽ ആ രീതിയിലുള്ള ഒരു കാമ്പയിൻ നടത്തുന്നതിനുള്ള വിഭവശേഷി ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. പരിസ്ഥിതി-ജനകീയ സമരപ്രവർത്തകർ ഇത്തരമൊരു കാമ്പയിനിന്റെ പ്രാധാന്യം മനസ്സിലാക്കി എത്തിയിരുന്നെങ്കിൽ കുറച്ചുകൂടി സാധ്യതയുണ്ടായിരുന്നു. കേരളത്തിൽ ഒരു സ്ഥലത്തെങ്കിലും അത്തരത്തിലുള്ള ഒരു കാമ്പ

യിൻ തെരഞ്ഞെടുപ്പ് കാലത്ത് നടക്കേണ്ടതായിരുന്നു. വികസനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ പ്രബലമായി നിൽക്കുന്ന സങ്കൽപ്പത്തെ പൊളിക്കുന്നതിനെങ്കിലും അത് ഉപകാരപ്പെടുമായിരുന്നു. പക്ഷെ അത് സാധ്യമായില്ല. കാമ്പയിൻ നടത്തിയിട്ട് പരാജയപ്പെട്ടാലും വിഷമമുണ്ടായിരുന്നില്ല. പക്ഷെ എന്തായാലും പരാജയപ്പെടും എന്ന മുൻവിധിയോടെ അത്തരത്തിലുള്ള ഒരു കാമ്പയിന് ആരും ശ്രമിക്കാതിരുന്നതിൽ വിഷമമുണ്ട്. ഞങ്ങൾ ചെറിയ അംഗബലവുമായി പരമാവധി പ്രദേശങ്ങളിൽ സഞ്ചരിച്ച് ജനങ്ങളുമായി സംസാരിച്ചു. ഗാഡ്ഗിൽ റിപ്പോർട്ടിനും പരിസ്ഥിതി വിഷയങ്ങൾക്കുമെല്ലാം ജനങ്ങൾക്കിടയിൽ സ്വീകാര്യതയുണ്ടെന്നാണ് കാമ്പയിൻ അനുഭവങ്ങളിൽ നിന്നും എനിക്ക് വ്യക്തമായത്. ജനങ്ങളുടെ വികാരങ്ങളറിയുന്നതിനുള്ള നല്ല അവസരമായിരുന്നു തെരഞ്ഞെടുപ്പ് പ്രചരണം. വലിയ പ്രചരണ സംവിധാനങ്ങളൊന്നുമില്ലാതെ നേരിൽ കണ്ട് കാര്യം പറയുന്നവരോട് അവർക്ക് പ്രത്യേകം താത്പര്യമുണ്ട്. എത്ര വോട്ട് കിട്ടി എന്നതിനേക്കാൾ പ്രധാനമായി കരുതുന്നത് പരിസ്ഥിതി സംരക്ഷണത്തിനും ഗാഡ്ഗിൽ റിപ്പോർട്ടിനും വേണ്ടി പ്രചരണം നടത്താൻ കഴിഞ്ഞു എന്നതാണ്. സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ പ്രചരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാനാർത്ഥികളെ ഒരിക്കലും വോട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തരുത്.

> ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്ന് ആവശ്യപ്പെടുന്ന ഒരു സ്ഥാനാർത്ഥിയെയാണ് പരിസ്ഥിതി പ്രവർത്തകർ പിന്തുണയ്ക്കേണ്ടിയിരുന്നത്. ഈ വികസനം നമുക്ക് വേണ്ട എന്ന ഉറപ്പിച്ച് പറയാൻ കഴിയുന്ന ഒരു പ്രചരണത്തെയാണ് പിന്തുണയ്ക്കേണ്ടിയിരുന്നത്.

**പത്തനംതിട്ട മണ്ഡലത്തിൽ ആറന്മുള വിമാനത്താവളമായിരുന്നു ഏറെ ചർച്ചചെയ്യപ്പെട്ട വിഷയം. അവിടെയും ഒരു ജനകീയ സമരം നടക്കുന്നുണ്ട്. ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥി നിർണ്ണയത്തെപ്പോലും സ്വാധീനിക്കുന്ന വിഷയമായി ആറന്മുള മാറി. പല പരിസ്ഥിതി പ്രവർത്തകരും ആറന്മുളയെ പ്രതിനിധീകരിച്ച ഇടതു സ്ഥാനാർത്ഥി ഫിലിപ്പോസ് തോമസിന് പിന്തുണ പ്രഖ്യാപിക്കുക പോലുമുണ്ടായി. ആറന്മുളയുടെ കാര്യത്തിലുണ്ടായ ഈ കേന്ദ്രീകരണം നിങ്ങൾ എങ്ങനെയാണ് വിലയിരുത്തിയത്?**

പലർക്കും ഏറെ തെറ്റിദ്ധാരണയുണ്ടായ വിഷയമാണ് ആറന്മുള. ആറന്മുള സമരത്തിന്റെ പേര് പറഞ്ഞ് വോട്ടുപിടിച്ച ഇടതുപാർട്ടികളോ ബി.ജെ.പിയോ വിമാനത്താവളം വരാൻ ഇടയാക്കുന്ന വികസന സങ്കൽപ്പത്തിന് അനുകൂലമായി നിൽക്കുന്നവരാണ്. അതുകൊണ്ടാണ് ഇടതുസർക്കാറിന്റെ കാലത്ത് ഇതേ വിമാനത്താവളത്തിന് അനുമതി ലഭിച്ചതും. ആറന്മുളയിൽ വിമാനത്താവളം വേണ്ട എന്ന നിലപാട് മാത്രമാണ് ഇടതുപാർട്ടികൾക്കും ബി.ജെ.പിക്കുമുള്ളത്. ഇടതു സ്ഥാനാർത്ഥിയായ് മത്സരിച്ച ഫിലിപ്പോസ് തോമസും ആ സമീപനം തന്നെയാണ് മുന്നോട്ട് വയ്ക്കുന്നത്. പരിസ്ഥിതി പ്രവർത്തകരും പലരും ആറന്മുള സമരത്തിന്റെ പേരിൽ ഫിലിപ്പോസ് തോമസിനെ പിന്തുണച്ചു. എന്നാൽ വിമാനത്താവളം ആവശ്യമായി വരുന്ന ഒരു വികസന സങ്കൽപ്പത്തിന് എതിരായ രാഷ്ട്രീയമായിരുന്നു അവർ മുന്നോട്ട് വയ്ക്കേണ്ടത്. നിർഭാഗ്യവശാൽ സുഗതകുമാരി ടീച്ചറിനെ പോലെയുള്ളവർ ഫിലിപ്പോസ് തോമസിന് പരസ്യമായി പിന്തുണ നൽകി. നെൽവയൽ നീർത്തട നിയമം അട്ടിമറിക്കുന്നതിനായി പല സ്ഥലങ്ങളിലും നടക്കുന്ന ശ്രമങ്ങൾക്ക് കൂട്ടുനിൽക്കുന്നവരാണ് ഈ പാർട്ടികളെന്ന കാര്യം ടീച്ചർ മറന്നു. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച വളരെ നിർണ്ണായകമായ ഒരു വിഷയമായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടും. ശരിക്കും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്ന് ആവശ്യപ്പെടുന്ന ഒരു സ്ഥാനാർത്ഥിയെയാണ് പരിസ്ഥിതി പ്രവർത്തകർ പിന്തുണയ്ക്കേണ്ടിയിരുന്നത്. ഈ വികസനം നമുക്ക് വേണ്ട എന്ന ഉറപ്പിച്ച് പറയാൻ കഴിയുന്ന ഒരു പ്രചരണത്തെയാണ് പിന്തുണയ്ക്കേണ്ടിയിരുന്നത്.

**തെരഞ്ഞെടുപ്പ് കഴിഞ്ഞ് കലഞ്ഞൂരിലേക്ക് മടങ്ങിപ്പോകുമ്പോൾ അവിടെ തുടരേണ്ട സമരപരിപാടികൾ എന്തെല്ലാമാണ്?**

സമരത്തിനിടയിൽ വീണുകിട്ടിയ ഒരു പ്രചരണായുധമായിരുന്നു തെരഞ്ഞെടുപ്പ്. കലഞ്ഞൂർ സമരം ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആവശ്യങ്ങളുന്നയിച്ച് ഇനിയും തുടരും. ഈ മേഖലയിൽ നടക്കുന്ന അനിയന്ത്രിതമായ പാറഖനനം പൂർണ്ണമായും നിർത്തലാക്കുന്നതുവരെ സമരം തുടരും. ക്വാറികൾക്ക് അനുകൂലമായി നിലകൊള്ളുന്ന രാഷ്ട്രീയപാർട്ടി

കൾക്ക് തെരഞ്ഞെടുപ്പിലൂടെ ജനം ഒരു മറുപടി നൽകിയിട്ടുണ്ട്. അസഹനീയമായ ജീവിതാവസ്ഥയ്ക്കെതിരെ പ്രതികരിക്കാനുള്ള ഒരു ആയുധമായി കലഞ്ഞൂരിലെ ജനങ്ങൾ വോട്ടിനെ കണ്ടു. നിരന്തരമായി നടക്കുന്ന സമരങ്ങളിലൂടെ ജനങ്ങൾക്കനുകൂലമായ പല തീരുമാനങ്ങളുമെടുക്കാൻ ഭരണാധികാരികൾ നിർബന്ധിതരായിട്ടുണ്ട്. അനധികൃതമായി പ്രവർത്തിച്ചിരുന്ന എഴുപതോളം ക്വാറികൾ ഈ മേഖലയിൽ അടച്ചുപൂട്ടുകയുണ്ടായി. നാല് ക്രഷർ യൂണിറ്റുകളുടെ അപേക്ഷ ഇപ്പോഴും തടഞ്ഞുവച്ചിരിക്കുകയാണ്. സി.പി.എം നേതാവ് കെ.എൻ. ബാലഗോപാലിന്റെ സഹോദരൻ കലഞ്ഞൂർ മധുവിന്റെ ക്വാറിയടക്കമുള്ള നിരവധി വൻകിട യൂണിറ്റുകൾ ഇപ്പോഴും നിയമങ്ങൾ കാറ്റിൽപ്പറത്തി പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി മാത്രം നൽകിയിട്ടുള്ള പട്ടയഭൂമിയിലാണ് കലഞ്ഞൂർ മധുവിന്റെ ക്വാറി പ്രവർത്തിക്കുന്നത്. റവന്യൂമന്ത്രിയായ അടൂർ പ്രകാശിന്റെ പിന്തുണയോടെ ഈ നിയമലംഘനം നടക്കുന്നത്. അത്തരം അനധികൃത പാറമടകളെല്ലാം പൂർണ്ണമായും അടച്ചുപൂട്ടുന്നതുവരെ ഞങ്ങൾ സമരം തുടരും. ■

# എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസത്തിനായി

**അമ്പലത്തറ കുഞ്ഞികൃഷ്ണൻ**
**(കാസർഗോഡ്, 4996 വോട്ട്)**

**എൻഡോസൾഫാൻ ദുരന്തത്തിന്റെ ഇരകൾക്ക് നീതിലഭിക്കുന്നതിനായുള്ള സമരം സജീവമായി നടക്കുന്ന സമയത്ത് തന്നെയാണ് ലോകസഭാ തെരഞ്ഞെടുപ്പ് ആഗതമായതും താങ്കൾ സ്ഥാനാർത്ഥിയാകുന്നതും. സമരത്തിൽ സ്ഥാനാർത്ഥിത്വത്തിലേക്ക് മാറിയത് എങ്ങനെ അനുഭവപ്പെട്ടു? എൻഡോസൾഫാൻ വിഷയം തന്നെയായിരുന്നോ മുഖ്യം?**

എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ മുൻകൈയിൽ കഴിഞ്ഞ മൂന്ന് വർഷമായി നടക്കുന്ന സമരങ്ങളിൽ ഞാൻ സജീവമായി പങ്കെടുക്കുന്നുണ്ടായിരുന്നു. അതിനിടയിലാണ് തെരഞ്ഞെടുപ്പും വന്നത്. മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭിക്കാതെ എൻഡോസൾഫാൻ വിപത്തിന്റെ ഇരകളായിത്തീർന്നവർ ഇന്നും ഇവിടെ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇരകളോടുള്ള സർക്കാർ അവഗണന തുടരുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് രംഗത്തും ഈ വിഷയം ചർച്ച ചെയ്യപ്പെടണമെന്ന് ഞങ്ങൾ തീരുമാനിച്ചു. എൻഡോസൾഫാൻ ദുരന്തത്തിന്റെ പ്രതിനിധിയായി ഒരാൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചുകൊണ്ട് പ്രചരണം നടത്തുന്നതിനായിരുന്നു തീരുമാനം. അത്തരം ആലോചനകൾ നടക്കുന്ന സമയത്താണ് ആം ആദ്മി പാർട്ടി തെരഞ്ഞെടുപ്പ് മത്സരിക്കാമോ എന്ന് ചോദിച്ചുകൊണ്ട് എന്നെ സമീപിക്കുന്നത്. എൻഡോസൾഫാൻ വിഷയം ചർച്ച ചെയ്യപ്പെടണം എന്ന ആഗ്രഹത്തോടെയാണ് ആം ആദ്മി പാർട്ടിയുടെ രാഷ്ട്രീയ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഞാൻ തെരഞ്ഞെടുപ്പിൽ പങ്കാളിയാകുന്നത്. എൻഡോസൾഫാൻ വിഷയത്തിൽ ഇടപെട്ടിരുന്ന പരിസ്ഥിതി പ്രവർത്തകരും ഞാൻ സ്ഥാനാർത്ഥിയാകണമെന്ന് പറഞ്ഞു. എന്നാൽ എൻഡോസൾഫാൻ വിഷയം മാത്രമല്ല കാമ്പയിനിൽ ഉന്നയിച്ചത്. വളരെയേറെ പിന്നോക്കം നിൽക്കുന്ന കാസർഗോഡിന്റെ വികസന പ്രശ്നങ്ങളെല്ലാം ജനങ്ങളുമായി സംസാരിക്കാൻ ശ്രമിച്ചു. എന്നാൽ, എൻഡോസൾഫാൻ ഇരകൾക്ക് വേണ്ടി ഞങ്ങൾ നിലകൊണ്ടു എന്ന് പറയുന്ന ഇടത്-വലത് പാർട്ടികളുടെ പൊള്ളത്തരം തുറന്നുകാണിക്കാനാണ് മുഖ്യമായും ശ്രമിച്ചത്. എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസമെന്ന പ്രശ്നം രാഷ്ട്രീയ നേതൃത്വങ്ങൾ ഇനിയും പരിഗണിച്ചിട്ടില്ല. എൻഡോസൾഫാൻ വിഷയത്തിൽ സജീവമായി ഇടപെട്ടു എന്ന് പറഞ്ഞ് പുകമറ സൃഷ്ടിക്കാനാണ് അവർ ശ്രമിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്കായി നബാർഡ് അനുവദിച്ച ഫണ്ട് എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിയ തുകയാണെന്ന് കളവ് പ്രചരിപ്പിക്കുകയാണ് പി. കരുണാകരൻ എം.പി ചെയ്യുന്നത്. കേന്ദ്ര സർക്കാർ എൻഡോസൾഫാൻ ദുരന്തമുണ്ടായതായി അംഗീകരിച്ചിട്ടു പോലുമില്ല. പിന്നെങ്ങനെയാണ് അവർ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നത്? ഇത്തരം കുതന്ത്രങ്ങളെ പൊളിച്ചുകളയുന്നതിനുള്ള ഒരു വേദികൂടിയായി തെരഞ്ഞെടു